## തെലുങ്കാന

# മജ്‌ലിസ് നിലപാട് വ്യക്തമാക്കുന്നു

**തെലുങ്കാന** പ്രശ്നത്തിൽ ഇതുവരെ മൗനം ദീക്ഷിച്ച മജ്‌ലിസെ ഇത്തിഹാദുൽ മുസ്‌ലിമീൻ അവസാനം നിലപാട് പ്രഖ്യാപിച്ചു. ആന്ധ്രപ്രദേശിനെ വിഭജിക്കുകയാണെങ്കിൽ തെലുങ്കാനയും റായൽസീമയും ചേർത്തു വിശാല തെലുങ്കാന രൂപീകരിക്കണമെന്നാണ് പാർട്ടിയുടെ ആവശ്യം. തെലുങ്കാനക്ക് ഭരണഘടനാപരമായ പ്രത്യേകാനുകൂല്യങ്ങൾ നൽകി ഐക്യ ആന്ധ്രപ്രദേശ് നിലനിർത്തണമെന്നതായിരുന്നു പാർട്ടിയുടെ ആദ്യനിലപാടെന്ന് മജ്‌ലിസ് നേതാക്കൾ പറഞ്ഞു. ശ്രീകൃഷ്ണ കമീഷന് മുമ്പാകെ സമർപ്പിച്ച നിവേദനത്തിലാണ് മജ്‌ലിസ് നിലപാട് വ്യക്തമാക്കിയത്.

ഏതാനും വർഷങ്ങൾ മുമ്പ് വരെ ഹൈദരാബാദിന് കേന്ദ്രഭരണപ്രദേശ പദവി ആവശ്യപ്പെട്ടിരുന്ന പാർട്ടി ഇപ്പോൾ ആ അഭിപ്രായത്തെ നിരാകരിക്കുകയാണ്. ഹൈദരാബാദ് ആന്ധ്രപ്രദേശിന്റെ അവിഭാജ്യ ഘടകമാണെന്നും വിഭജനം നടക്കുന്ന പക്ഷം ഹൈദരാബാദിനെ തെലുങ്കാനയുടെ തലസ്ഥാനമാക്കണമെന്നുമാണ് ഇപ്പോൾ ആവശ്യം. തെലുങ്കാനയും റായൽസീമയും പിന്നാക്ക പ്രദേശങ്ങളായതിനാലാണ് ഇരു മേഖലകളും ചേർത്ത് ഒറ്റ സംസ്ഥാനം രൂപീകരിക്കണമെന്നാവശ്യപ്പെടുന്നത്. ആന്ധ്രവിഭജനം നടന്നാൽ മുസ്‌ലിംകൾക്കും ഉർദുവിനും പ്രത്യേക ആനുകൂല്യങ്ങൾ നൽകണം – ഒരു എം.പിയും 7 എം.എൽ.എമാരുമുള്ള മജ്‌ലിസിന്റെ ആവശ്യങ്ങളാണിവ.

എന്നാൽ മജ്‌ലിസിനെതിരെ കനത്ത ആരോപണങ്ങളുമായി തെലുങ്കാന മുസ്‌ലിം ജോയിന്റ് ആക്ഷൻ കമ്മിറ്റി രംഗത്തുവന്നു. തെലുങ്കാന മുസ്‌ലിംകളുടെ പ്രാതിനിധ്യം മജ്‌ലിസിന് അവകാശപ്പെടാനാവില്ലെന്ന് കമ്മിറ്റി പറഞ്ഞു. ഹൈദരാബാദിലെ പഴയ നഗരത്തിൽ മാത്രമാണ് മജ്‌ലിസിന് വേരുകളുള്ളത്. ഭൂമാഫിയയുമായി ബന്ധം പുലർത്തുന്ന മജ്‌ലിസ് നൂറു കണക്കിന് ഏക്കർ വഖ്ഫ് ഭൂമി ഒരു സ്വകാര്യ കമ്പനിക്ക് കൈമാറിയപ്പോൾ അതിനെ അനുകൂലിക്കുകയാണ് ചെയ്തത്. തെലുങ്കാന പ്രശ്നത്തിൽ ഇത്രയും നാൾ മജ്‌ലിസ് പുലർത്തിയ മൗനം സംശയകരവും കുറ്റകരവുമാണെന്നും കമ്മിറ്റി കുറ്റപ്പെടുത്തി.

## ബീഹാറിൽ ചുഴലിക്കാറ്റ് റിലീഫ് സജീവം

**ബീഹാറിന്റെ** കിഴക്കൻ ജില്ലകളായ അരരിയ, പൂർണിയ, കടിഹാർ, കിഷൻഗഞ്ച് എന്നിവിടങ്ങളിൽ വീശിയടിച്ച ശക്തമായ ചുഴലിക്കാറ്റിൽ നൂറിലധികം ആളുകൾ മരണപ്പെട്ടു. 2008ലെ കോസി വെള്ളപ്പൊക്കത്തിലും ഇതേ ജില്ലകളിൽ തന്നെയാണ് കൂടുതൽ നാശനഷ്ടങ്ങളുണ്ടായത്. സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഇരകളിലേക്കെത്തിത്തുടങ്ങിയിട്ടില്ല.

മത–സാമൂഹിക–സന്നദ്ധ സംഘടനകളാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നത്. ജ.ഇ സംസ്ഥാന നേതൃത്വം ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. സംസ്ഥാന അസി. അമീർ നയ്യറുസ്സമാന്റെ നേതൃത്വത്തിൽ റിലീഫ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ജമാഅത്തിനെ കൂടാതെ ജംഇയത്തുൽ ഉലമായെ ഹിന്ദ്, അമൻ ഫൗണ്ടേഷൻ, മുഹമ്മദിയ്യ ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകളും ദുരിതാശ്വാസ പ്രവർത്തന രംഗത്തുണ്ട്.

## ഇസ്‌ലാമിക് ബാങ്കിംഗ്

## ദൗത്യസംഘം കേന്ദ്രമന്ത്രിയെ സന്ദർശിച്ചു

**ഇന്ത്യയിൽ** ഇസ്‌ലാമിക് ബാങ്കിംഗ് നടപ്പാക്കുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യുന്നതിന് ഒരു ദൗത്യസംഘം കേന്ദ്ര സാമ്പത്തികകാര്യ സഹമന്ത്രി നാരോ നാരായൻ മീണയെ സന്ദർശിച്ചു. രാജസ്ഥാൻ മുസ്‌ലിം ഫോറം നേതാവും ജ.ഇ രാജസ്ഥാൻ അമീറുമായ എഞ്ചിനീയർ മുഹമ്മദ് സലീം, ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫിനാൻസ് ജനറൽ സെക്രട്ടറിയും ജ.ഇ ദേശീയ ശൂറാംഗവുമായ എച്ച്. അബ്ദുർറഖീബ് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. രഘുറാം രാജൻ കമ്മിറ്റി നിർദേശങ്ങൾ നടപ്പാക്കണമെന്ന് സംഘം മന്ത്രിയോടാവശ്യപ്പെട്ടു. ഇസ്‌ലാമിക് ബാങ്കിംഗ് നടപ്പാക്കുന്നതിന്റെ സാധ്യതകൾ പഠിച്ചുവരികയാണെന്നും ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.

## പേഴ്സണൽ ലോ ബോർഡിൽനിന്ന് രാജി

**ദയൂബന്ദികളുടെ** മേൽക്കൈയിൽ ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡിൽ ബറേൽവികൾ തഴയപ്പെടുന്നുവെന്നാരോപിച്ച് മൗലാനാ സയ്യിദ് സഫർ മസൂദ് കിച്ചൗച്ച്‌വി ബോർഡ് അംഗത്വം രാജിവെച്ചു. ലക്നോയിൽ നടത്തിയ പത്രസമ്മേളനത്തിലാണ് രാജി പ്രഖ്യാപനം നടത്തിയത്. "ലക്നോ സമ്മേളനത്തിൽ എന്റെ അഭിപ്രായങ്ങൾ അവഗണിക്കപ്പെടുകയായിരുന്നു. റാബിഅ് ഹസൻ നദ്‌വിയെ വീണ്ടു പ്രസിഡന്റാക്കുന്നതിനെ താൻ ശക്തമായി എതിർത്തിരുന്നു. മദ്റസകളെ തങ്ങളുടെ ചൊൽപ്പടിക്ക് കീഴിൽ നിർത്തുന്നതിനുവേണ്ടിയാണ് അവർ കേന്ദ്ര മദ്റസാ ബോർഡിനെ എതിർക്കുന്നത്" മൗലാനാ മസൂദ് ആരോപിച്ചു. ഏറെക്കാലം ബോർഡിന്റെ വൈസ് പ്രസിഡന്റായിരുന്ന മൗലാനാ മുസഫർ ഹുസൈൻ കിച്ചൗച്ച്‌വിയുടെ മകനായ മൗലാനാ മസൂദ് സ്വന്തമായി ഫോറം രൂപവത്കരിക്കാനുള്ള പുറപ്പാടിലാണ്.

### വനിതാ സംവരണം

## മില്ലി കൗൺസിൽ പ്രക്ഷോഭത്തിന്

**നിർദിഷ്ട** വനിതാ ബില്ലിൽ മുസ്‌ലിം ഉപസംവരണം നടപ്പാക്കണമെന്നാവശ്യപ്പെട്ട് മില്ലി കൗൺസിൽ ഇതര മുസ്‌ലിം-ദലിത് സംഘടനകളുമായി ചേർന്ന് ദേശീയ പ്രക്ഷോഭം ആരംഭിക്കുമെന്ന് കൗൺസിൽ ജന. സെക്രട്ടറി ഡോ. മൻസൂർ ആലംഖാൻ അറിയിച്ചു. കേരളത്തിൽ നിന്നായിരിക്കും പ്രക്ഷോഭം ആരംഭിക്കുക. ഈ ആവശ്യാർഥം മില്ലി കൗൺസിൽ നടത്തിയ ശ്രമങ്ങൾ വിശദീകരിക്കുന്ന ഒരു കൈപുസ്തകവും പത്രസമ്മേളനത്തിൽ പ്രകാശനം ചെയ്തു.